## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 891 — 20.03.2013 -ൽ മറുപടിക്ക്.

### അന്യസംസ്ഥാനത്തൊഴിലാളികളെ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ :<br>ശ്രീ. പി. സി. ജോർജ് : | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തുള്ള അന്യ സംസ്ഥാനത്തൊഴിലാളികളെ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ, പ്രസ്തുതപഠനത്തിലെ പ്രധാന ശുപാർശകളും കണ്ടെത്തലുകളും എന്തെല്ലാമാണ് ; വ്യക്തമാക്കുമോ; | (ബി) | 1) കേരളത്തിൽ എത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് നിർബന്ധിത രജിസ്ട്രേഷൻ നൽകുക.<br>2) തൊഴിലാളികളുടെ താമസത്തിനായി ഷെൽട്ടറുകൾ നിർമ്മിക്കുക.<br>3) അന്യസംസ്ഥാന തൊഴിലാളികളുടെ സാമൂഹിക സുരക്ഷിതത്വത്തിനും ആരോഗ്യത്തിനുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.<br>4) അന്യസംസ്ഥാന തൊഴിലാളികൾ അഭിമുഖീകരിക്കുന്ന തൊഴിൽ പ്രശ്നങ്ങളെക്കുറിച്ച് തൊഴിലാളികളുടെ ഇടയിലും ഉടമകളുടെ ഇടയിലും ബോധവത്ക്കരണം നടത്തുക.<br>5) തദ്ദേശീയരായ ജനങ്ങളും കുടിയേറ്റ തൊഴിലാളികളും തമ്മിലുള്ള സൗഹാർദ്ദപരമായ അന്തരീക്ഷം വളർത്തുക.<br>6) വിവിധ ഭാഷകളിൽ ഹെൽപ്പ് ലൈനുകൾ സ്ഥാപിക്കുക. |
| (സി) ആയതിന്റെ അടിസ്ഥാനത്തിൽ അന്യസംസ്ഥാന ത്തൊഴിലാളികളുടെ ജീവിത | (സി) | അന്യസംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എല്ലാ തൊഴിലാളികളേയും രജിസ്ട്രേഷൻ പരിധിയിൽ |

| | |
|---|---|
| സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ക്രിയാത്മകമായ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ? | കൊണ്ടുവരുന്നുണ്ട്. ഇവർക്കായി ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ട്. മിനിമം മൂന്ന് വർഷം വരെ സർവ്വീസുള്ള തൊഴിലാളികൾ പിരിഞ്ഞുപോകുമ്പോൾ സാമ്പത്തിക സഹായം നൽകുന്നതിനും ചികിൽസാ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ ഉൾപ്പെടുത്തി പുതിയ ചട്ടങ്ങൾ കൊണ്ടുവരാനും ഉദ്ദേശിക്കുന്നു. കൂടാതെ തൊഴിൽ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസുകളുമായി സഹകരിച്ച് എല്ലാ ജില്ലകളിലും മെഡിക്കൽ ക്യാമ്പുകൾ നടത്തി സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്നുമുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻറ് എംപ്ലോയ്മെൻറുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.